**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 335** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>തിരുവനന്തപുരം നഗരസഭയിലെ ഫാർമസിസ്റ്റ് തസ്തിക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സുധീർഷാ പാലോട്

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** തിരുവനന്തപുരം നഗരസഭയിൽ ഫാർമസിസ്റ്റ് തസ്തിക നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികയിൽ ജോലിചെയ്യുന്ന ഫാർമസിസ്റ്റിന്റെ പേര് വിവരം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** തിരുവനന്തപുരം നഗരസഭയിൽ ഒരു ഫാർമസിസ്റ്റ് തസ്തിക നിലവിലുണ്ട്.

ഫാർമസിസ്റ്റിന്റെ പേര് - വന്ദന.ജി

**(ബി)** പ്രസ്തുത ഫാർമസിസ്റ്റ് എത്രകാലമായി തിരുവനന്തപുരം നഗരസഭയിൽ ജോലി ചെയ്തുവരുന്നുവെന്ന് വ്യക്തമാക്കാമോ; നഗരസഭയുടെ കീഴിൽ ഉണ്ടായിരുന്ന മാതൃശിശു കേന്ദ്രങ്ങൾ നാഷണൽ ഹെൽത്ത് മിഷന് കൈമാറിയ സാഹചര്യത്തിൽ ഫാർമസിസ്റ്റിന്റെ ജോലി എന്താണെന്ന് വ്യക്തമാക്കാമോ; കെ-സ്മാർട്ടിന്റെ ഭാഗമായ ഫയൽ ലോഗിൻ ഫാർമസിസ്റ്റിനു നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

16/08/2018 മുതൽ ജോലി ചെയ്തു വരുന്നു.

**<u>ഫാർമസിസ്റ്റിന്റെ ജോലി</u>**

1. നഗരസഭയിലെ ജീവനക്കാരുടെ റീഇംബേഴ്സ്മെന്റ് ഫയലുകൾ കെ സ്മാർട്ട് മുഖേന ജനറൽ സെക്ഷൻ വഴി വരുന്നത് പരിശോധിച്ച് നിയമപ്രകാരം നൽകാവുന്ന തുക കണക്കാക്കി നൽകുന്നതിനുള്ള നടപടിക്കായി റിപ്പോർട്ട് നൽകുക.

2. ഹെൽത്ത് ഓഫീസർ ഇംപ്ലിമെന്റിങ് ഓഫീസർ ആയിട്ടുള്ള "ആർദ്രം" പദ്ധതി മുഖേന നഗരസഭയ്ക്ക് വിട്ടുകിട്ടിയിട്ടുള്ള 15 ആശുപത്രികളിലും എൻ.എച്ച്.എം ന്റെ 14 ആശുപത്രികളിലും ഉച്ചയ്ക്ക് ശേഷം ഒ.പി നടത്തുന്നതിനായി നിയമിച്ചിട്ടുള്ള 105 ജീവനക്കാരുടെ ഡെയിലി മോണിറ്ററിങ്, ഡ്യൂട്ടി അറേഞ്ച്മെന്റ്സ്, അതാതു മാസം ആശുപത്രി മെഡിക്കൽ ഓഫീസർമാർ നൽകുന്ന അറ്റൻഡൻസ് വെരിഫൈ ചെയ്തു ലീവും ഹോണറേറിയം തുകയും കണക്കാക്കി സാലറി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഹോണറേറിയം നൽകുന്നതിനുള്ള തുടർ നടപടിക്കായി ജെ 3 സെക്ഷനിൽ നൽകുന്നു.

3 ഹെൽത്ത് ഓഫീസർ ഇംപ്ലിമെന്റിങ് ഓഫീസർ ആയിട്ടുള്ള "ഹൃദയസംബന്ധമായ രോഗമുള്ളവർ, ക്യാൻസർ രോഗികൾ, ഹീമോഫീലിയ രോഗമുള്ളവർ, അവയവമാറ്റ ശസ്ത്രക്രിയക്ക് വിധേയരായവർ, ഡയാലിസിസ് രോഗികൾ എന്നിവർക്ക് സൗജന്യ മരുന്ന് വിതരണം" പദ്ധതി വഴി 530 രോഗികൾക്ക് ഫ്രീ ആയി മരുന്ന് നൽകുന്നതിന് നഗരസഭയുടെ അനന്തപുരി മെഡിക്കൽ സ്റ്റോറിൽ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള 2 ഫാർമസിസ്റ്റുകളുടെ ഡെയിലി മോണിറ്ററിങ്, അറ്റൻഡൻസ് വെരിഫൈ ചെയ്തു ലീവും ഹോണറേറിയം തുകയും കണക്കാക്കി സാലറി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഹോണറേറിയം നൽകുന്നതിനുള്ള തുടർ നടപടിക്കായി ജെ 3 സെക്ഷനിൽ നൽകുന്നു.

**അനന്തപുരി മെഡിക്കൽ സ്റ്റോറിലെ ചാർജ്ജ്**

ഫാർമസിസ്റ്റ് നൽകുന്ന ലിസ്റ്റ് പ്രകാരം മാസം തോറും IHDB, SAT യിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ചെയ്യുകയും അങ്ങനെ ലഭ്യമാകുന്ന മരുന്നുകളുടെ ബില്ലുകളും IHDB നൽകുന്ന സ്റ്റേറ്റ്മെന്റ്സും വെരിഫൈ ചെയ്യുകയും, ബില്ലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ എഴുതിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തൽ, ഫിസിക്കൽ വെരിഫിക്കേഷൻ ഇവ ഓഡിറ്റിന്റെ പരിശോധനക്ക് ഹാജരാക്കൽ, അവർ നൽകുന്ന എൻക്വയറിക്ക് മറുപടി നൽകൽ.

4. ഹെൽത്ത് ഓഫീസർ ഇംപ്ലിമെന്റിങ് ഓഫീസർ ആയിട്ടുള്ള "നഗരസഭയുടെ നിയന്ത്രണത്തിലുള്ള അലോപ്പതി ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ" പദ്ധതി മുഖേന നഗരസഭയ്ക്ക് വിട്ടുകിട്ടിയിട്ടുള്ള 15 ആശുപത്രികളിലും എൻ.എച്ച്.എം ന്റെ 15 ആശുപത്രികളിലും ആശുപത്രി മെഡിക്കൽ ഓഫീസർമാർ നൽകുന്ന ഒരു വർഷത്തേക്ക് ആവശ്യമായ മരുന്നുകളുടെ ലിസ്റ്റുകളുടെ ഇൻവോയ്സ് KMSCL, IHDB, SUPPLYCO എന്നിവിടങ്ങളിൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കൽ. ആവശ്യത്തിനനുസരിച്ച് ആശുപത്രി മെഡിക്കൽ ഓഫീസർമാർ നൽകുന്ന ലിസ്റ്റ് പ്രകാരം IHDB, SAT യിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ചെയ്യുകയും അങ്ങനെ ലഭ്യമാകുന്ന മരുന്നുകളുടെ ബില്ലുകളും IHDB നൽകുന്ന സ്റ്റേറ്റ്മെന്റ്സും വെരിഫൈ ചെയ്യുകയും, മോണിറ്ററിങ്ങും. ഇവ ഓഡിറ്റിന്റെ പരിശോധനക്ക് ഹാജരാക്കൽ, അവർ നൽകുന്ന എൻക്വയറിക്ക് മറുപടി നൽകൽ.

5. ഹെൽത്ത് ഓഫീസർ ഇംപ്ലിമെന്റിങ് ഓഫീസർ ആയിട്ടുള്ള " നഗരസഭയുടെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനം" പദ്ധതി മുഖേന നഗരസഭയ്ക്ക് വിട്ടുകിട്ടിയിട്ടുള്ള 15 ആശുപത്രികളിലും 12 ആയുർവേദ ആശുപത്രികൾ 12 ഹോമിയോ ആശുപത്രികൾ ഒരു സിദ്ധ ആശുപത്രി, 4 ആയുഷ് ആശുപത്രികൾ എന്നിവിടങ്ങളിലേക്ക് ആവശ്യമായ പ്രിന്റിങ് സ്റ്റേഷനറി, ക്ലീനിങ് മെറ്റീരിയൽസ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് മെഡിക്കൽ ഓഫീസർമാർ നൽകുന്ന ലിസ്റ്റ് പ്രകാരം ഇൻവോയ്സ് വാങ്ങൽ, വർക് ഓർഡർ നൽകൽ, സ്റ്റോക്ക് എൻട്രി ഡിസ്ട്രിബ്യൂഷൻ എന്നിവ. ഇവ ഓഡിറ്റിന്റെ പരിശോധനക്ക് ഹാജരാക്കൽ, അവർ നൽകുന്ന എൻക്വയറിക്ക് മറുപടി നൽകൽ.

6. ഹെൽത്ത് ഓഫീസർ ഇംപ്ലിമെന്റിങ് ഓഫീസർ ആയിട്ടുള്ള "വയോജനങ്ങൾക് സാന്ത്വന പരിചരണത്തിന് ഉപകരണങ്ങൾ വാങ്ങൽ" പദ്ധതി മുഖേന പാലിയേറ്റീവ് രോഗികൾക്കു ഓക്സിജൻ കോൺസെൻട്രേറ്റർ , വീൽ ചെയർ, വാക്കർ, എയർബെഡ്, വാട്ടർബെഡ് മുതലായ 13 പാലിയേറ്റീവ് യൂണിറ്റുകളിലെയും മെഡിക്കൽ ഓഫീസർ നൽകുന്ന ലിസ്റ്റ് പ്രകാരം ഇൻവോയ്സ് വാങ്ങൽ, വർക് ഓർഡർ നൽകൽ, രോഗികളുടെ ആവശ്യകത അനുസരിച്ച പാലിയേറ്റീവ് യൂണിറ്റുകൾ നൽകുന്ന ലിസ്റ്റ് പ്രകാരം ഉപകരണങ്ങൾ വാങ്ങി നൽകൽ, IHDB യിൽ നിന്നും ടി ആശുപത്രികൾക്ക് നൽകുന്ന ഉപകരണങ്ങളുടെ ബില്ലുകളുടെയും IHDB നൽകുന്ന സ്റ്റേറ്റ്മെന്റ് ഉപയോഗിച്ച് മോണിറ്ററിങ്ങും. ഇവ ഓഡിറ്റിന്റെ പരിശോധനക്ക് ഹാജരാക്കൽ, അവർ നൽകുന്ന എൻക്വയറിക്ക് മറുപടി നൽകൽ.

7. ഹെൽത്ത് ഓഫീസർ ഇംപ്ലിമെന്റിങ് ഓഫീസർ ആയിട്ടുള്ള നഗരസഭയിലെ "സാമൂഹ്യക്ഷേമ വകുപ്പ് അംഗീകരിച്ചിട്ടുള്ള ഓർഫനേജുകൾക്ക് വേണ്ടി മരുന്നുവാങ്ങൽ" പദ്ധതി മുഖേന നഗരസഭയുടെ 2 വൃദ്ധസദനങ്ങളിലേയും ഒരു യാചക പുനരധിവാസ കേന്ദ്രത്തിലെയും അന്തേവാസികൾക്കു മെഡിക്കൽ കോളേജിൽ നിന്നും പേരൂർക്കട മെന്റൽ ഹോസ്പിറ്റലിൽ നിന്നും മെഡിക്കൽ ഓഫീസർമാർ നൽകിയ പ്രെസ്ക്രിപ്ഷൻ പ്രകാരം ഉള്ള മരുന്നുകൾ അതാതു ചാർജ് ഓഫീസർമാർ നൽകിയത് പ്രകാരം വർഷത്തേക്കുള്ള മരുന്നുകളുടെ ലിസ്റ്റുകളുടെ ഇൻവോയ്സ് KMSCL, IHDB, SUPPLYCO എന്നിവിടങ്ങളിൽ നിന്നും വാങ്ങി ടാബുലേഷൻ സ്റ്റേറ്റ്മെൻ്റ് തയ്യാറാക്കൽ. ആവശ്യത്തിനനുസരിച്ച് ആശുപത്രി ചാർജ് ഓഫീസർമാർ നൽകുന്ന ലിസ്റ്റ് പ്രകാരം IHDB, SAT യിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ചെയ്യുകയും അങ്ങനെ ലഭ്യമാകുന്ന മരുന്നുകളുടെ ബില്ലുകളും IHDB നൽകുന്ന സ്റ്റേറ്റ്മെന്റ്സും വെരിഫൈ ചെയ്യുകയും, മോണിറ്ററിങ്ങും. ഇവ ഓഡിറ്റിന്റെ പരിശോധനക്ക് ഹാജരാക്കൽ, അവർ നൽകുന്ന എൻക്വയറിക്ക് മറുപടി നൽകൽ.

8. നഗരസഭയുടെ മാതൃ ശിശു കേന്ദ്രമായ പേട്ട ക്ലിനിക്ക് എപ്പോഴും പ്രവർത്തിച്ചു വരുന്നു. ഹെൽത്ത് ഓഫീസർ ഇംപ്ലിമെന്റിങ് ഓഫീസർ ആയിട്ടുള്ള 'പേട്ട ക്ലിനിക്ക് നവീകരണവും നടത്തിപ്പും' പദ്ധതി മുഖേന ടി കേന്ദ്രത്തിലെ നടത്തിപ്പിലേക്കായി മെഡിക്കൽ ഓഫീസർ നൽകുന്ന ഒരു വർഷത്തേക്ക് ആവശ്യമായ മരുന്നുകളുടെ ലിസ്റ്റുകളുടെ ഇൻവോയ്സ് KMSCL IHDB, SUPPLYCO എന്നിവിടങ്ങളിൽ നിന്നും വാങ്ങി ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കൽ, ആവശ്യത്തിനനുസരിച്ച് ആശുപത്രി മെഡിക്കൽ ഓഫീസർ നൽകുന്ന ലിസ്റ്റ് പ്രകാരം IHDB, SAT യിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ചെയ്യുകയും അങ്ങനെ ലഭ്യമാകുന്ന മരുന്നുകളുടെ ബില്ലുകളും IHDB നൽകുന്ന സ്റ്റേറ്റ് മെന്റ്സും വെരിഫൈ ചെയ്യുകയും, മോണിറ്ററിങ്ങും ടി മാതൃ ശിശു കേന്ദ്രത്തിലെ ലാബിലേക്ക് ആവശ്യമായ ലാബ് റീഏജന്റ്, പ്രിന്റിംങ് സ്റ്റേഷനറി, ക്ലീനിങ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വാങ്ങൽ, സ്റ്റോക്ക് എടുക്കൽ, ഡിസ്ട്രിബ്യൂഷൻ മോണിറ്ററിങ് എന്നിവ. ഇവ ഓഡിറ്റിന്റെ പരിശോധനക്ക് ഹാജരാക്കൽ, അവർ നൽകുന്ന എൻക്വയറിക്ക് മറുപടി നൽകൽ.

9. ഹെൽത്ത് ഓഫീസർ ഇംപ്ലിമെന്റിങ് ഓഫീസർ ആയിട്ടുള്ള "ഇന്റഗ്രേറ്റഡ് തണൽ - പാലിയേറ്റീവ് കെയർ - പാലിയേറ്റീവ് കെയർ യൂണിറ്റ് അപ്ഗ്രഡേഷൻ" പദ്ധതി മുഖേന മെഡിക്കൽ ഓഫീസർ ഒരു വർഷത്തേക്ക് ആവശ്യമായ

മരുന്നുകളുടെയും ഹോം കെയറുകളുടെയും ലിസ്റ്റുകളുടെ ഇൻവോയ്സ് KMSCL, IHDB, SUPPLYCO എന്നിവിടങ്ങളിൽ നിന്നും വാങ്ങി ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കൽ, ആവശ്യത്തിനനുസരിച്ച് ആശുപത്രി മെഡിക്കൽ ഓഫീസർമാർ നൽകുന്ന ലിസ്റ്റ് പ്രകാരം IHDB, SAT യിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ചെയ്യുകയും അങ്ങനെ ലഭ്യമാകുന്ന മരുന്നുകളുടെ ബില്ലുകളും IHDB നൽകുന്ന സ്റ്റേറ്റ്മെന്റ്സും വെരിഫൈ ചെയ്യുകയും, മോണിറ്ററിങ്ങും, ബില്ലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ എഴുതിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തൽ, ഇവ ഓഡിറ്റിന്റെ പരിശോധനക്ക് ഹാജരാക്കൽ, അവർ നൽകുന്ന എൻക്വയറിക്ക് മറുപടി നൽകൽ.

10. ഹെൽത്ത് ഓഫീസർ ഇംപ്ലിമെന്റിങ് ഓഫീസർ ആയിട്ടുള്ള "നഗരസഭയുടെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലേക്കും ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ സർജിക്കൽ വാങ്ങൽ" നഗരസഭയ്ക്ക് വിട്ടുകിട്ടിയിട്ടുള്ള 15 ആശുപത്രികളിലും 12 ആയുർവേദ ആശുപത്രികൾ, 12 ഹോമിയോ ആശുപത്രികൾ, ഒരു സിദ്ധ ആശുപത്രി, 4 ആയുഷ് ആശുപത്രികൾ എന്നിവിടങ്ങളിലേക്ക് വർഷത്തേക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങളുടെ ലിസ്റ്റ് മെഡിക്കൽ ഓഫീസർമാർ നൽകുന്നത് പ്രകാരം ഇൻവോയ്സ് KMSCL, IHDB, HLL എന്നിവിടങ്ങളിൽ നിന്നും വാങ്ങി ടാബുലേഷൻ സ്റ്റേറ്റ്മെൻറ് തയ്യാറാക്കൽ. IHDB, SAT യിൽ നിന്നും മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ചെയ്യുകയും അങ്ങനെ ലഭ്യമാകുന്ന മെഡിക്കൽ ഉപകരണങ്ങളുടെ ബില്ലുകളും IHDB നൽകുന്ന സ്റ്റേറ്റ്മെന്റ്സും വെരിഫൈ ചെയ്യുകയും, മോണിറ്ററിങ്ങും ഇവ ഓഡിറ്റിന്റെ പരിശോധനക്ക് ഹാജരാക്കൽ, അവർ നൽകുന്ന എൻക്വയറിക്ക് മറുപടി നൽകൽ.

11. സെക്രട്ടറി ഇംപ്ലിമെന്റിംങ് ഓഫീസർ ആയിട്ടുള്ള രോഗ നിർണ്ണയ സംവിധാനം ഏർപ്പെടുത്തൽ - സ്കീം 5 പ്രകാരം എൻ എച്ച് എം ന്റെ 15 ആശുപത്രികളിലും ലാബ് റീഏജന്റ് വാങ്ങുന്നതിന് മെഡിക്കൽ ഓഫീസർമാർ നൽകുന്ന ഒരു വർഷത്തേക്ക് ആവശ്യമായ ലാബ് റീഏജന്റുകളുടെ ലിസ്റ്റുകളുടെ ഇൻവോയ്സ് വാങ്ങി ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കൽ, ആവശ്യത്തിനനുസരിച്ച ആശുപത്രി മെഡിക്കൽ ഓഫീസർമാർ നൽകുന്ന ലിസ്റ്റ് പ്രകാരം IHDB, SAT യിൽ നിന്നും റീഏജന്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ചെയ്യുകയും അങ്ങനെ ലഭ്യമാകുന്ന റീഏജന്റുകളുടെ ബില്ലുകളും IHDB നൽകുന്ന സ്റ്റേറ്റ്മെന്റ്സും വെരിഫൈ ചെയ്യുകയും, മോണിറ്ററിങ്ങും. ഇവ ഓഡിറ്റിന്റെ പരിശോധനക്ക് ഹാജരാക്കൽ, അവർ നൽകുന്ന എൻക്വയറിക്ക് മറുപടി നൽകൽ.

12. ശുചീകരണതൊഴിലാളികൾ, ഹരിതകർമ്മസേന ജീവനക്കാർ തുടങ്ങിയ ജീവനക്കാർക്ക് 25 ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസിൽ വെച്ച് മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് മെഡിക്കൽ പാരമെഡിക്കൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള പ്രവർത്തികൾ. ടി ക്യാമ്പിനാവശ്യമായ മരുന്ന് വാങ്ങൽ., CDPO യുടെ പ്രൊജക്റ്റ് പ്രകാരം ഉള്ള മെഡിക്കൽ ക്യാമ്പുകൾക്കു മെഡിക്കൽ പാരമെഡിക്കൽ ജീവനക്കാരെ നിയമിക്കുന്നതിനുവേണ്ട നടപടികൾ ചെയ്യൽ.

അനന്തപുരി മെഡിക്കൽസ് വഴി 530 രോഗികൾക്ക് (കാൻസർ, കിഡ്നി, അവയവ ശസ്ത്രക്രിയ നടത്തിയവർ, ഹാർട്ട് രോഗികൾ) 1.5 കോടി രൂപയുടെ മരുന്നുകൾ വാങ്ങി നൽകി വരുന്നു. ടി മരുന്നുകളുടെ ആവശ്യകത പരിശോധിച്ച് ഉറപ്പാക്കുന്നത് നഗരസഭ ഫാർമസിസ്റ്റ് ആണ്. പാലിയേറ്റീവ് രോഗികൾക്ക് 80 ലക്ഷം രൂപയുടെ മരുന്ന് വാങ്ങി നൽകുന്നുണ്ട്.

**(സി)** പ്രത്യേക ജോലി നിശ്ചയിച്ച നൽകിയിട്ടില്ലായെങ്കിൽ ഫാർമസിസ്റ്റിനെ നാഷണൽ ഹെൽത്ത് മിഷനു കീഴിൽ നിയമിക്കുന്നതിനു നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** കേരളത്തിലെ ഏറ്റവും വലിയ നഗരസഭയായ തിരുവനന്തപുരം നഗരസഭയ്ക്ക് വിട്ടുകിട്ടിയിട്ടുള്ള 30 ആരോഗ്യ സ്ഥാപനങ്ങളുടെ (അലോപ്പതി) പ്രവർത്തനത്തിനുള്ള മരുന്നുകൾ വാങ്ങി നൽകുന്നതിനായി 3 കോടി രൂപയാണ് പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ളത്. മരുന്നുകളുടെ ആവശ്യകത ഉറപ്പുവരുത്തി ഇവ വാങ്ങി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഫാർമസിസ്റ്റിന്റെ സേവനം അനിവാര്യമാണ്.

**സെക്ഷൻ ഓഫീസർ**